**മഹാത്മാ ഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

# വാർത്താക്കുറിപ്പ്

**2023 മെയ് 3**

## യു.ജി നാല്, അഞ്ച് സെമസ്റ്റർ സ്പെഷ്യൽ പരീക്ഷ

സർവകലാശാലയെ പ്രതിനിധീകരിച്ച് കലാകായിക മത്സരങ്ങൾ, എൻ.സി.സി പ്രീ ആർ.ഡി ക്യാമ്പ് എന്നിങ്ങനെ വിവിധ പരിപാടികളിൽ പങ്കെടുക്കേണ്ടിവന്നതിനാൽ നാല്, അഞ്ച് സെമസ്റ്റർ (സി.ബി.സി.എസ് - യുജി) പരീക്ഷയെഴുതാൻ കഴിയാതിരുന്ന വിദ്യാർഥികൾക്ക് പരീക്ഷയെഴുതാൻ അവസരം നൽകും.

ഈ വിഭാഗത്തിലുള്ള വിദ്യാർഥികളുടെ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (https://www.mgu.ac.in) പ്രസിദ്ധീകിരിച്ചിട്ടുണ്ട്.

രജിസ്റ്റർ ചെയ്തശേഷം എഴുതാൻ സാധിക്കാതിരുന്ന പരീക്ഷകൾ യഥാക്രമം മെയ് നാല്, അഞ്ച് തീയതികളിൽ ആരംഭിക്കുന്ന നാല്, അഞ്ച് സെമസ്റ്റർ പരീക്ഷകളിൽ പുതിയ രജിസ്ട്രേഷൻ ഇല്ലാതെ പഴയ ഹാൾ ടിക്കറ്റ് ഉപയോഗിച്ച് ഇവർക്ക് എഴുതാനാകും.

ഈ പരീക്ഷകൾ സ്പെഷ്യൽ പരീക്ഷകളായും ആദ്യ അവസരമായും പരിഗണിച്ചാണ് തുടർ നടപടികൾ സ്വീകരിക്കുക.

(പി.ആർ.ഒ/39/473/2023)

## യു.ജി.സി -നെറ്റ്, ജെ.ആർ.എഫ് പരിശീലനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻറ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ മാനവിക വിഷയങ്ങൾക്കായുള്ള യു.ജി.സി -നെറ്റ്, ജെ.ആർ.എഫ് പരീക്ഷയുടെ ജനറൽ പേപ്പറിൻറെ പരിശീലന പരിപാടി ആരംഭിക്കുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ 0481 2731025 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടണം.

(പി.ആർ.ഒ/39/474/2023)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.വോക് ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെൻറേഷൻ ആൻറ് ഓട്ടോമേഷൻ(2020 അഡ്മിഷൻ റഗുലർ - പുതിയ സ്കീം - മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് എട്ടു മുതൽ അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/475/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**